(ബി) എത്ര റാങ്കുവരെ നിയമനം നടത്തിയെന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് മേശപ്പുറത്ത് വയ്ക്കുമോ;

(സി) നിലവിൽ എത്ര ഒഴിവുകൾ ആണ് തൃശ്ശൂർ ജില്ലയിൽ ഉള്ളത്; ഇവയിൽ എന്നത്തേയ്ക്ക് നിയമനം നടത്താൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 17 പേർക്ക്

(ബി) പി.എസ്.സി. അഡ്വൈസ് ചെയ്യുന്നതനുസരിച്ചാണ് നിയമനം നടത്തുന്നത്. ആയതിനാൽ എത്ര റാങ്കുവരെ നിയമനം നടത്തി എന്ന് കാണിക്കുന്ന സ്റ്റേറ്റ്മെന്റ് വനം വകുപ്പിൽ ലഭ്യമല്ല.

(സി) മൂന്ന് ഒഴിവുകൾ. ഈ ഒഴിവുകൾ പി.എസ്.സി. യെ അറിയിച്ചിട്ടുണ്ട്. പി.എസ്.സി. അഡ്വൈസ് ചെയ്യുന്ന മുറയ്ക്ക് നിയമനം നൽകുന്നതാണ്.

75 (367) സർവ്വീസുകൾ പുനരാരംഭിക്കുവാൻ നടപടി

ശ്രീ. എ. അലി ഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രസിദ്ധമായ തീർത്ഥാടന കേന്ദ്രവും വിനോദ സഞ്ചാര കേന്ദ്രവുമായ വർക്കലയിൽ വന്നുകൊണ്ടിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ നിർത്തലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം സർവ്വീസുകളാണ് നിർത്തലാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) നിർത്തലാക്കിയ സർവ്വീസുകൾ അടിയന്തിരമായി ആരംഭിക്കാൻ ആവശ്യമായ നിർദ്ദേശം നൽകുമോ;

(ഡി) വർക്കല-പൊൻമുടി-കോവളം ഈ വിനോദ സഞ്ചാര കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സർവ്വീസും വർക്കല-കഴക്കൂട്ടം കൊച്ചു വേളി വിമാനത്താവളം വഴി കോവളത്തേയ്ക്കുള്ള സർവ്വീസും ആരംഭിക്കാൻ അവശ്യമായ ഉത്തരവ് നൽകുമോ?

ഉത്തരം

(എ) ഒന്നും തന്നെ നിർത്തലാക്കിയിട്ടില്ല. ബസ്സിന്റെയും ജീവനക്കാരുടെയും കുറവ് നിമിത്തം വരുമാനം കുറഞ്ഞ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ ഓപ്പറേറ്റ് ചെയ്യാറില്ല.

(ബി)&(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) ബസ്സിന്റെ അപര്യാപ്തതമൂലം തൽക്കാലം കഴിയുന്നില്ല.

76 (368) വാഹന പരിശോധന

ശ്രീ. സി.ടി. അഹമ്മദ് അലി :

ശ്രീ. പി.കെ.കെ. ബാവ :

ശ്രീ. കെ.പി.എ. മജീദ് :

ശ്രീ. എം.കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly